# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6941 13.7.2012-ൽ മറുപടിയ്ക്ക്

## കരുനാഗപ്പള്ളിയിലെ ജലനിധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | പി.ജെ ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ജലനിധി പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (എ) | 1022 കോടി രൂപയുടെ പദ്ധതിയാണ് ജലനിധി രണ്ടാം ഘട്ടം എന്ന പേരിൽ നടപ്പിലാക്കുന്നത്. പരമാവധി 200 പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ബാച്ച് 1-ൽ 22 പഞ്ചായത്തുകളിൽ പദ്ധതി നടന്നുവരുന്നു. കൂടാതെ രണ്ടാം ബാച്ചിൽ 68 പഞ്ചായത്തുകളെ കൂടി തിരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | കരുനാഗപ്പള്ളി മണ്ഡലത്തിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ജലനിധി പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (ബി) | കരുനാഗപ്പള്ളി മണ്ഡലത്തിലെ കലശേഖരപുരം ഗ്രാമപഞ്ചായത്ത് ജലനിധി രണ്ടാം ഘട്ട പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | ഇവയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ; | (സി) | മേൽപ്പറഞ്ഞ പഞ്ചായത്തിൽ ഗുണഭോക്തൃ സമിതികളുടെ രൂപീകരണം, രജിസ്ട്രേഷൻ, എഞ്ചിനീയറിംഗ് സർവ്വെ തുടങ്ങി ആസൂത്രണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് കമ്മീഷൻ ചെയ്ത വിവിധ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യാൻ സംവിധാനം നിലവിലുണ്ടോ; എന്താണ് സംവിധാനം എന്നറിയിക്കുമോ? | (ഡി) | ജലനിധി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുള്ള ജലനിധി ഒന്നാംഘട്ട പദ്ധതിയുടെ ഉടമസ്ഥാവകാശം ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്തൃ സമിതികളിൽ നിക്ഷിപ്തമാണ്. പദ്ധതിയുടെ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതികൾ തന്നെ നിർവ്വഹിക്കുകയും പദ്ധതികൾ സ്വയം അവലോകനം ചെയ്യുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ